"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള രംഗകലാകേന്ദ്രത്തിന് 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ ചുമത്തിയിട്ടുള്ള കെട്ടിട നികുതി ഒഴിവാക്കുന്നതിന് വർക്കല മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1976/2022/LSGD തീയതി,തിരുവനന്തപുരം, 16-08-2022

---

പരാമർശം:-

1. ബഹു. വർക്കല എം. എൽ. എ അഡ്വ. വി. ജോയ് 15.02.2022 തീയതിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖാന്തിരം സമർപ്പിച്ച നിവേദനം.
2. നഗരകാര്യ ഡയറക്ടർ 18.02.2022 ൽ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയ ജി1-11240/21 നമ്പർ കത്ത്.
3. വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 05.03.2022 ലെ 61/CPA/2021-22/VIVID vമ്പർ കത്ത്.
4. രംഗകലാകേന്ദ്രം ചെയർമാൻ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ 18.07.2022 ൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (VIVID)-ന്റെ കീഴിലുള്ള രംഗകലാകേന്ദ്രത്തിന് വർക്കല മുനിസിപ്പാലിറ്റി ചുമത്തിയ വസ്തു നികുതി ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, ബഹു. വർക്കല എം. എൽ. എ അഡ്വ. വി. ജോയി എന്നിവർ യഥാക്രമം പരാമർശം (1), (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. തികച്ചും ലാഭേച്ഛ കൂടാതെ കേരളത്തിലെ കലാരൂപങ്ങളുടെ മികവിന്റെ ഒരു കേന്ദ്രമായും പൊതുമേഖലയിൽ ഇന്ത്യയിലെ ആദ്യത്തെ രംഗകലാകേന്ദ്രമായും ആസൂത്രണ വകുപ്പിന്റെ കീഴിൽ പ്രവർത്തനം തുടർന്നു വരുന്ന ഈ സ്ഥാപനത്തിന് വർക്കല മുനിസിപ്പാലിറ്റി 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ ചുമത്തിയിട്ടുള്ള വസ്തു നികുതി ഒഴിവാക്കി നൽകണമെന്ന് രംഗകലാകേന്ദ്രം ചെയർമാൻ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ പരാമർശം (4) പ്രകാരവും അഭ്യർത്ഥിച്ചിട്ടുണ്ട്.

2) വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ കെട്ടിടത്തിന്റെ നികുതി സംബന്ധിച്ച വിഷയം പരിശോധിച്ചതിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 235 പ്രകാരം കെട്ടിട നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഈ

(PTO)

സ്ഥാപനം ഉൾപ്പെടുന്നില്ല എന്നും സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നികുതി ഒഴിവാക്കുവാൻ സാധിക്കുകയുള്ളൂ എന്നും പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ആസൂത്രണ വകുപ്പിന്റെ കീഴിൽ ലാഭേച്ഛ കൂടാതെ കേരളത്തിന്റെ കലാരൂപങ്ങളുടെ മികവിന്റെ ഒരു കേന്ദ്രമായി പ്രവർത്തിക്കുന്ന രംഗകലാകേന്ദ്രത്തിന് 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ ചുമത്തിയിട്ടുള്ള കെട്ടിട നികുതി ഒഴിവാക്കുന്നതിന് വർക്കല മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRIYA V K

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വർക്കല മുനിസിപ്പാലിറ്റി, തിരുവനന്തപുരം,

മാനേജിംഗ് ഡയറക്ടർ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹൗസ്.നം.12/132(1), പൂജ, ചെറുകുന്നം.പി.ഒ., വർക്കല - 695 141.

ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ചെയർമാൻ, രംഗകലാകേന്ദ്രം, വർക്കല പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I/ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. കരുതൽ ഫയൽ/ഓഫീസ് കോപ്പി

(ആർസി2/224/2021-ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 16-08-2022 13:12:24**

സെക്ഷൻ ഓഫീസർ